# Athmaraksha.org

യഥാർത്ഥ ക്രൈസ്തവ ജീവിതം

## കരുണ കാട്ടാതെ കരുണ ലഭിക്കില്ല, ഫ്രാൻസിസ് പാപ്പ



വത്തിക്കാൻ സിറ്റി: കരുണ കാണിക്കാതെ ആർക്കും കരുണ ലഭിക്കില്ലെന്ന് ഫ്രാൻസിസ് പാപ്പ. ദൈവത്തിന്റെ കരുണാർദ്രമായ ഇടപെടൽ ആഗ്രഹിക്കുന്ന ഏവരും മറ്റുള്ളവരോട് കരുണ കാണിക്കുവാൻ സന്നദ്ധരാകണം, ഡിവൈൻ മേഴ്സി ദിനത്തിൽ ഫ്രാൻസിസ് പാപ്പ വിശ്വാസികളെ ഉദ്ബോധിപ്പിച്ചു. നാം എത്രയധികമായി കരുണ സ്വീകരിക്കുന്നുവോ അത്രയധികമായി മറ്റുള്ളവരോട് കരുണ കാണിക്കണം. സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ കൂടിയിരുന്നവരോട് പാപ്പ പറഞ്ഞു. ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ച ഡിവൈൻ മേഴ്സി ദിനമായി ആചരിക്കുവാൻ തീരുമാനിച്ചത് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പയാണ്. 2000 മുതലാണ് ആരംഭിച്ചത്. വിശുദ്ധ ഫൗസ്റ്റീനയുടെ നാമകരണവുമായി ബന്ധപ്പെട്ടായിരുന്നു അത്.

ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച കരുണയുടെ വർഷത്തോടൊപ്പം വന്ന കരുണാദിനം എന്ന പ്രത്യേകതയും ഈ ഞായറാഴ്ച്ചയ്ക്കുണ്ടായിരുന്നു. 'കരുണ നഷ്ടപ്പെട്ട ആടുകളെ തേടിയുള്ള യാത്രയാണ്. അതിനെ കണ്ടെത്തിക്കഴിയുമ്പോൾ പങ്കുവയ്ക്കപ്പെടാനാവാത്ത ഒരു സന്തോഷം എല്ലാവരിലും നിറയുന്നു. മറ്റുള്ളവരുടെ കണ്ണുകളിലേക്ക് ആർദ്രതയോടെ നോക്കുവാൻ കരുണ നമ്മെ പ്രാപ്തരാക്കുന്നു.' പാപ്പ പറഞ്ഞു. കരുണ കാണിക്കുന്നവർക്ക് കരുണ ലഭിക്കുമെന്നും, ഇളവുകൊടുത്ത ജോലിക്കാരൻ തന്റെ താഴെയുള്ളവരോട് ക്രൂരത കാണിച്ചപ്പോൾ അയാളെ ജയിലിലടച്ച ബൈബിൾ ഭാഗവും ഏശയ്യാ പ്രവാചകന്റെ വാക്കുകളും ഉദ്ധരിച്ചായിരുന്നു പാപ്പയുടെ പ്രബോധനം. ദൈവം മനുഷ്യകുലത്തോടും നാമോരോരുത്തരോടും വലിയ കാരുണ്യം കാണിക്കുന്നു. നമ്മുടെ ബലഹീനതകളെ അവിടുന്ന് ഗൗനിക്കുന്നില്ല. അതിനാൽതന്നെ പരസ്പരം വിധിക്കുവാനും കാരുണ്യമില്ലാതെ പ്രവർത്തിക്കുവാനും നാം തുനിയരുത്. കരുണയുള്ളതിനാലാണ് ദൈവം നമ്മിലൊരുവനായത്.

അപ്പസ്തോലന്മാരിൽ ഒരുവനായ തോമ്മാശ്ലീഹാ ഈശോയുടെ മുറിവുകളിൽ വിരലുകൾ ഇടുവാൻ ആഗ്രഹിച്ചു. അതാണ് യഥാർത്ഥ വിശ്വാസം. ക്രിസ്തുവിന്റെ മുറിവുകൾ തകർക്കപ്പെടുന്ന മനുഷ്യരാണ്. വേദനിക്കുന്ന സമൂഹമാണ്. അവർക്കുവേണ്ടി നമ്മുടെ വിരലുകൾ ചലിപ്പിക്കുവാൻ നമുക്കാവണം. മുറിവുകളിൽ സ്വാന്തനം പകരാനാകാത്ത

വിശ്വാസം നിർജീവമാണ്. ഫ്രാൻസിസ് പാപ്പ പറഞ്ഞു.

കടപ്പാട്: in.sundayshalom.com